# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4704 — 18-12-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഉന്നതവിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസം എന്നീ മേഖലകളിലെ ബഡ്ജറ്റ് വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസം എന്നീ മേഖലകളിലേക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും അതിൽ കഴിഞ്ഞ ഒക്ടോബർ 31 വരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ)<br>കോളേജ് വിദ്യാഭ്യാസവകുപ്പിന് 2014-15 സാമ്പത്തിക വർഷം 14,566 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ ഒക്ടോബർ 31 വരെ 6555.37 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് 2014-15 സാമ്പത്തിക വർഷം 5223.5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ ഒക്ടോബർ 31 വരെ 1683.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധ മായി ചേർത്തിരിക്കുന്നു)(അനുബന്ധം I)<br><br>എൻ.സി.സി. ക്ക് 2014-15 സാമ്പത്തിക വർഷം 1 കോടി രൂപ റവന്യൂ അനുവദിച്ചതിൽ 31 ഒക്ടോബർ 2014 വരെ 73.43 ലക്ഷം രൂപ അനുവദിക്കുകയും അത്രയും തുക ചെലവഴി ക്കുകയും ചെയ്തിട്ടുണ്ട്. ഈ വകുപ്പിന് വേണ്ടി 2 കോടി രൂപ പൊതുമരാമത്ത് ഹെഡിൽ അനുവദിച്ചിട്ടുണ്ട്. |

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 3.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഒക്ടോബർ 31 വരെ 22,81,799/- രൂപ ചെലവഴിച്ചിട്ടുണ്ട്. (നാളിതുവരെ 59,74,944/- രൂപ ചെലവഴിച്ചിട്ടുണ്ട്.)

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 2205-00-105-99 എന്ന ഹെഡിൽ 80,00,000/- രൂപയും 2205-00-105-99-36, 2205-00-105-99-31 നോൺപ്ലാൻ ഇനത്തിൽ 18,16,65,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

സി-ആപ്റ്റിന് 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ പ്ലാൻ ഫണ്ട് ഇനത്തിൽ 2,30,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ കഴിഞ്ഞ ഒക്ടോബർ 31 വരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുക അനുവദിച്ച് ലഭിച്ചിട്ടില്ല.

കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് 2014-15 സാമ്പത്തിക വർഷം 710 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തു. എന്നാൽ

| | |
|---|---|
| | ഫണ്ട് റിലീസ് ചെയ്യാത്ത സാഹചര്യത്തിൽ മുൻ ബഡ്ജറ്റുകളുടെ ബാക്കിയും, സ്വയാർജ്ജിത വരുമാനവും ചേർത്ത് 4,11,44,060/- രൂപ ഒക്ടോബർ 31 വരെ ചിലവഴിച്ചിട്ടുണ്ട്.<br><br>എൽ.ബി.എസ്സിന് 2014-15 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്ന് എൽ.ബി.എസ്. സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജുകൾക്കും കൂടി 3 കോടി രൂപയും സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റി സ്റ്റഡീസിന് 1 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി കോളേജുകൾക്ക് 1 കോടിയും സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റി സ്റ്റഡീസിന് 35 ലക്ഷവും റിലീസ് ചെയ്തു. അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടുണ്ട്.<br><br>സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയ്ക്ക് 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 350 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഒക്ടോബർ 31 വരെ ഒരു തുകയും അനുവദിച്ചിട്ടില്ല. എന്നാൽ നാളിതുവരെ 267 ലക്ഷം രൂപയുടെ കമ്മിറ്റഡ് ചെലവുകൾ ഉണ്ടായിട്ടുണ്ട്.<br><br>ലോകോളേജ്, തിരുവനന്തപുരത്തിന് 2014-15 സാമ്പത്തിക വർഷം 1,00,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 31-10-2014 വരെ 17,29,750/- രൂപ വിനിയോഗിച്ചിട്ടുണ്ട്. |

| | |
|---|---|
| | ലോകോളേജ്, എറണാകുളത്തിന് 2014-15 സാമ്പത്തിക വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2014 ഒക്ടോബർ 31 വരെ ചെലവൊന്നുമില്ല<br><br>ലോകോളേജ്, തൃശ്ശൂരിന് 2014-15 സാമ്പത്തിക വർഷം 1,00,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഒക്ടോബർ 31 വരെ 10,67,291/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ലോകോളേജ്, കോഴിക്കോടിന് 2014-15 സാമ്പത്തിക വർഷം പ്ലാൻഫണ്ടിൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്ന് ഒക്ടോബർ 31 വരെ ഒന്നും ചെലവഴിച്ചിട്ടില്ല.<br><br>കേരളസർവ്വകലാശാലയ്ക്ക് 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് ബഡ്ജറ്റിൽ 2150/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ 31 വരെ ആദ്യ ഗഡുവായി 5,37,50,000/- രൂപ ഗവൺമെന്റിൽ നിന്നും അനുവദിച്ച് കിട്ടിയിട്ടുണ്ട്.<br>തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം II)<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 21.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>2014 ഒക്ടോബർ 31 വരെ 2014 -15 വാർഷിക പദ്ധതിയിനത്തിൽ സർക്കാരിൽ നിന്നും 10.75 |

| | |
|---|---|
| | കോടി രൂപ ലഭിച്ചിട്ടുണ്ട്. 2014 ഒക്ടോബർ 31 വരെ 08.5 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2014 ഒക്ടോബർ 31 വരെ സർക്കാരിൽ നിന്നും 325 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2014 ഒക്ടോബർ 31 വരെ 196.97 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ കഴിഞ്ഞ ഒക്ടോബർ 31 -ാം തീയതി വരെ 3.75 കോടി രൂപ അനുവദിച്ചതിൽ നിന്നും 2.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് സർവ്വകലാശാലയ്ക്ക് 2014-15 സാമ്പത്തിക വർഷം വാർഷിക പദ്ധതി വിഹിതമായി ലഭിച്ചത് 21.5 കോടി രൂപയാണ് (18.5 കോടി രൂപ പദ്ധതി വിഹിതമായും 3 കോടി രൂപ അസറ്റ് ക്രിയേഷൻ ഫണ്ടായും ആണ് ലഭിച്ചത്) 2014 ഒക്ടോബർ 31 വരെ 7,62,50,000/- രൂപ അനുവദിക്കുകയും 34,88,130/- രൂപ ചെലവഴിക്കുകയും ചെയ്തു. മൊത്തം തുകയും ചെലവഴിക്കാനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.<br><br>കണ്ണൂർ സർവ്വകലാശാലയ്ക്ക് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 39,50,40,000/-രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ 31 |

| | |
|---|---|
| | വരെ അനുവദിച്ച 18,30,90,000/- രൂപയിൽ 155083214/- രൂപ ചെലവഴിച്ചു.<br><br>മലയാള സർവ്വകലാശാലയ്ക്ക് 2014-15 സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ ഏഴ് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ 31 വരെ അനുവദിച്ച 466.66 ലക്ഷം രൂപയിൽ 388.18 രൂപ ചെലവഴിച്ചു.<br><br>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന് 2014-15 സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ 550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ 31 വരെ 234045/- രൂപ ചെലവഴിച്ചു. (അനുബന്ധം - III)<br><br>ഉന്നതവിദ്യാഭ്യാസ കൗൺസിലിന് 2014-15 സാമ്പത്തിക വർഷം 12.50 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രസ്തുത വർഷം ഒരു തുകയും ഗ്രാന്റ് ഇൻ എയ്ഡായി നൽകിയിട്ടില്ല. പ്രസ്തുത തുക 10 കോടിയായി കുറയ്ക്കുകയും 2014-15 വർഷത്തെ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ ഉൾപ്പെടുത്തുകയും 10 കോടി രൂപ 2015-16 -ൽ നൽകുകയും ചെയ്തു. 2014-15 വർഷം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മൊത്തം ചെലവ് 9.73 കോടി രൂപയായിരുന്നു. കഴിഞ്ഞ ഒക്ടോബർ 31 വരെ 2,09,96,044/-രൂപ ചെലവഴിച്ചു<br><br>കേരള ചരിത്ര ഗവേഷണ കൗൺസിലിന് 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ കഴിഞ്ഞ ഒക്ടോബർ 31 വരെ തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.<br><br>പൊതുവിദ്യാഭ്യാസ വകുപ്പിൽ 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 44976.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ 31 വരെ 38092.15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| | അതിൽ 11547.45 ലക്ഷം രൂപ ചെലവഴിച്ചു. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം - IV) |
| ബി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഹിതം എത്രയാണെന്ന് പറയാമോ? | ബി)<br><br>കോളേജ് വിദ്യാഭ്യാസ വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി 3200 ലക്ഷം രൂപയും, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിനായി 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 21938 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം - V)<br><br>നാഷണൽ സർവ്വീസ് സ്കീമിന് പ്രവർത്തനങ്ങൾക്കായി 100% കേന്ദ്രഫണ്ടാണ് വകയിരുത്തിയിട്ടുള്ളത്. 46,81,000 രൂപ അനുവദിച്ചിട്ടുണ്ട്.<br><br>മലയാള സർവ്വകലാശാലയ്ക്ക് ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായി മൂന്ന് കോടി രൂപ ബജറ്റിൽ വകയിരുത്തുന്നുണ്ട്.<br><br>ഉന്നതവിദ്യാഭ്യാസ കൗൺസിലിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയ്ക്ക് വേണ്ടി 4 കോടി രൂപ പ്രിപ്പേറ്ററി ഗ്രാന്റായി ലഭിക്കുകയുണ്ടായി. ഇതിൽ 65% (രണ്ടു കോടി അറുപത് ലക്ഷം) റൂസ മിഷന്റെയും 35% (ഒരു കോടി നാൽപത് ലക്ഷം) |

| | |
|---|---|
| | സംസ്ഥാന സർക്കാരിന്റെയുമാണ്. റൂസ പദ്ധതി സമർപ്പണത്തിന്റെ ഭാഗമായി ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റായി 110 കോടി രൂപ കേരളത്തിന് ലഭിക്കാൻ ധാരണയായിട്ടുണ്ട്. ഇതിൽ 65% റൂസയുടെയും 35% സംസ്ഥാന സർക്കാരിന്റെയുമാണ്.<br>പൊതുവിദ്യാഭ്യാസവകുപ്പിന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 25948 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം - VI) |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്